"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ ഓഫീസ് അറ്റന്റൻഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.എസ്.പ്രവീൺരാജിന്റെ അന്യത്ര സേവന കാലാവധി 10.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.**1919/2020**/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 15/10/2020

പരാമർശം:- 1 സ.ഉ.(ആർ.ടി.) നം. 2283/2017/തസ്വഭവ. തീയതി 06/07/2017
2 സ.ഉ.(ആർ.ടി.) നം. 1649/2018/തസ്വഭവ. തീയതി 18.06.2018
3 സ.ഉ.(ആർ.ടി.) നം. 699/2020/തസ്വഭവ. തീയതി 20.03.2020
4 സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറിയുടെ 27/08/2020-ലെ എസ്ഇസി/15/2018-എ1 നം. കത്ത്

<u>ഉത്തരവ്</u>

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ പരാമർശം (1)-ലെ ഉത്തരവ് പ്രകാരം 10.07.2017 മുതൽ ഓഫീസ് അറ്റന്റൻഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നതും പരാമർശം(2), (3)-ലെ ഉത്തരവുകൾ പ്രകാരം രണ്ടു തവണ കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുള്ളതുമായ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.എസ്.പ്രവീൺരാജിന്റെ അന്യത്ര സേവന കാലാവധി 09.07.2020-ൽ അവസാനിക്കുകയാണെന്നും 10.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച നൽകണമെന്നും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു. ശ്രീ.എസ്.പ്രവീൺരാജിന്റെ അന്യത്ര സേവന കാലാവധി 10.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകുന്നതിൽ വകുപ്പിന് ആക്ഷേപമില്ലെന്ന് നഗരകാര്യ ഡയറക്ടർ അറിയിക്കുകയുണ്ടായി.

2. മേൽ സാഹചര്യത്തിൽ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ അന്യത്ര സേവനവ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.എസ്.പ്രവീൺരാജിന്റെ അന്യത്ര സേവന കാലാവധി, നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി, 10.07.2020 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

സെക്രട്ടറി, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. പ്രവീൺരാജ് എസ്, ഓഫീസ് അറ്റന്റൻഡ്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ)വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ